നമ്പർ.ഇഎൻ(2) 5380/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:29/06/2020

## പത്രക്കുറിപ്പ്

സ്വകാര്യ സ്ഥാപനങ്ങൾ വ്യവസായങ്ങൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ലോക്ക്ഡൗൺ കാലയളവിലെ വേതനം - സുപ്രീംകോടതി വിധി - സംബന്ധിച്ച്.

ലോക്ക്ഡൗൺ കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലയളവിൽ തൊഴിലാളികളുടെ ശമ്പളത്തിൽ കുറവുവരുത്താൻ പാടില്ല എന്ന സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശത്തിനെതിരെ തൊഴിലുടമകൾ ബഹു:സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷനുകളിൽ 12/06/2020 തീയതിയിൽ വിധി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ലോക്ക്ഡൗൺ കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞു കിടന്ന കാലയളവിലെ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് തൊഴിലുടമ തൊഴിലാളി ചർച്ചയിലൂടെ സമവായം ഉണ്ടാക്കണമെന്നും പ്രസ്തുത ചർച്ച ഫലപ്രദമാകാത്തപക്ഷം ബന്ധപ്പെട്ട തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ ചർച്ച ക്രമീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. ഇത് എല്ലാ സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ഫാക്ടറികൾ എന്നിവയുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിയ്ക്കുന്നു.

ലേബർ കമ്മീഷണർക്കുവേണ്ടി

കെ.എസ്